# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 211 06.01.2014-ൽ മറുപടിയ്ക്ക്**

**കെ.ടി. ജയകൃഷ്ണൻ കേസ് പുനരന്വേഷണം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. കെ. കെ. നാരായണൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. സി. കൃഷ്ണൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) രാഷ്ട്രീയ പ്രതിയോഗികളെ വേട്ടയാടാൻ ക്രൈംകേസുകളെ ഉപയോഗിക്കുന്നു എന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) കെ. ടി. ജയകൃഷ്ണൻ കേസ് വീണ്ടും ക്രൈംബ്രാഞ്ച് അന്വേഷിക്കുകയുണ്ടായോ ; പുതിയ എന്തെങ്കിലും തെളിവ് കണ്ടെത്തുകയു ണ്ടായോ ; | (ബി) കെ. ടി. ജയകൃഷ്ണൻ മാസ്റ്റർ വധക്കേസ് ക്രൈംബ്രാഞ്ച് പുനരന്വേഷണം നടത്തിവരികയാണ്. കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. |
| സി) ടി. കെ. രജീഷ് എന്നയാളുടേതായി പോലീസ് തയ്യാറാക്കിയ കുറ്റസമ്മത മൊഴിയുടെ അടിസ്ഥാനത്തിൽ ജയകൃഷ്ണൻ കേസ് സി.ബി.ഐ.യ്ക്ക് വിടാൻ തീരുമാനിച്ചി ട്ടുണ്ടോ ; | (സി) ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതിയായ രജീഷിന്റെ മൊഴിയുടെ അടിസ്ഥാനത്തിലും ജയകൃഷ്ണൻ മാസ്റ്ററുടെ മാതാവിന്റെ അപേക്ഷയും പരിഗണിച്ചാണ് പ്രസ്തുത കേസ് സി. ബി. ഐ. യ്ക്ക് കൈമാറാൻ സർക്കാർ തീരുമാനിച്ചത്. |
| ഡി) രജീഷിന്റേതായി പോലീസ് പറയുന്ന കുറ്റസമ്മതമൊഴി അയാൾ കോടതിയിൽ സത്യവാങ്മൂലത്തിലൂടെ നിഷേധിക്കുകയുണ്ടാ യിട്ടുണ്ടോ ; ട്രയൽ കോടതിയിൽ നിഷേധിക്കപ്പെട്ട കുറ്റസമ്മതമൊഴിയുടെ ബലത്തിൽ സി. ബി. ഐ. അന്വേഷണം നടത്താനുള്ള തീരുമാനം നിയമപരമായി നിലനിൽക്കുന്നതാണോ ; രാഷ്ട്രീയ പ്രതിയോഗികളെ വേട്ടയാടാൻ അവസരം ഉണ്ടാക്കാൻ സർക്കാർ സംവിധാനങ്ങൾ ദുരുപയോഗം ചെയ്യുന്നതിനെതിരെ ഉയർന്നുവന്ന ആക്ഷേപങ്ങൾ സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ ; | (ഡി) രജീഷിന്റെ മൊഴി സത്യവാങ്മൂലത്തിലൂടെ നിഷേധിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാഷ്ട്രീയ പ്രതിയോഗികളെ വേട്ടയാടാൻ സർക്കാർ സംവിധാനങ്ങൾ ദുരുപയോഗം ചെയ്തിട്ടില്ല. |
| ഇ) പ്രസ്തുത കേസ് സി.ബി.ഐ. യ്ക്ക് വിടാനുള്ള സർക്കാർ തീരുമാനത്തെത്തുടർന്ന് കേന്ദ്ര ആഭ്യന്തര പേഴ്സണൽ മന്ത്രാലയത്തിൽനിന്നും സംസ്ഥാന ആഭ്യന്തര വകുപ്പിന് ലഭിച്ച മറുപടി വിശദമാക്കാമോ; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (ഇ) കേന്ദ്ര ആഭ്യന്തര പേഴ്സണൽ മന്ത്രാലയത്തിൽ നിന്നും ഇതു സംബന്ധിച്ച് മറുപടിയൊന്നും തന്നെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ